സംവാദം

കെ.ടി ഹുസൈന്‍

**മഴവില്‍ ലോകത്തെ ഇസ്‌ലാം**

# ബദല്‍ ചിന്തകള്‍ കൂടി ഉള്‍കൊണ്ട് ഇസ്‌ലാമിക ചിന്ത ബഹുസ്വരമാകണം

**അഞ്ചോ ആറോ നൂറ്റാണ്ട് കാലം വളരെ സര്‍ഗാത്മകമായും സംവാദാത്മകമായും വികസിച്ച് സമ്പന്നമായ ഇസ്‌ലാമിക ചിന്തക്ക് പിന്നീട് സംഭവിച്ച മുരടിപ്പും അതിന്റെ കാരണങ്ങളും കൂടി മനസ്സിലാക്കിയാലേ ആധുനികതയുടെ കാലത്തും പുതിയ കാലത്തും ഇസ്‌ലാമിക സമൂഹം പൊതുവിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ വിശേഷിച്ചും നേരിട്ട/നേരിടുന്ന വെല്ലുവിളികളുടെ ആഴത്തെയും സ്വഭാവത്തെയും കുറിച്ച് വ്യക്തത ലഭിക്കുകയുള്ളൂ.**

**പുതിയ** കാലത്ത് ഇസ്‌ലാമിന്റെ സാമൂഹിക പ്രതിനിധാനത്തെ കുറിച്ചുള്ള ഗൗരവമായ ആലോചനകളിലേക്ക് ഒരു കിളിവാതില്‍ എന്ന നിലയില്‍ സി. ദാവൂദ് തുടക്കമിടുകയും മറ്റു പലരും ഇടപെടുകയും ചെയ്ത സംവാദം വേറിട്ട് നില്‍ക്കുന്നു. കൂടുതല്‍ കൂടുതല്‍ ബഹുസ്വരമായി കൊണ്ടിരിക്കുന്ന പുതിയ ലോകത്ത് ഇസ്‌ലാമിക പ്രതിനിധാനത്തിന്റെ ഏറ്റവും ഫലപ്രദമായ രീതിശാസ്ത്രം കൂടുതല്‍ ആഴത്തിലുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ അന്വേഷണങ്ങളിലൂടെ ഇനിയും രൂപപ്പെടേണ്ടതായിട്ടാണിരിക്കുന്നത്. സാമ്പ്രദായിക മതമെന്ന നിലയിലുള്ള ഇസ്‌ലാമിന്റെ പ്രതിനിധാനത്തെ പോലെ ലളിതമോ എളുപ്പമോ അല്ല അതിന്റെ സാമൂഹിക പ്രതിനിധാനം. പുതിയ കാലത്തെയും ലോകത്തെയും അതുയര്‍ത്തുന്ന സൈദ്ധാന്തികവും പ്രായോഗികവുമായ സംഘര്‍ഷങ്ങളെയും യഥോചിതം മനസ്സിലാക്കുന്നതോടൊപ്പം ഇസ്‌ലാമിന്റെ സാമൂഹിക പ്രതിനിധാനത്തിനായി വിവിധ ചരിത്രഘട്ടങ്ങളില്‍ നടന്ന ശ്രമങ്ങളെയും അതിന്റെ വര്‍ത്തമാനകാല തുടര്‍ച്ചകളെയും സ്വയം വിമര്‍ശനപരമായി പരിശോധിച്ച് തിരുത്തേണ്ടതിനെ തിരുത്തിയും പുതിയ തിരിച്ചറിവുകളെ സ്വാംശീകരിച്ചും മാത്രമേ മഴവില്‍ ലോകത്തെ ഇസ്‌ലാമിക സാമൂഹിക പ്രതിനിധാനത്തിന്റെ ശരിയായ രീതിശാസ്ത്രത്തിലേക്ക് എത്തിച്ചേരാനാവുകയുള്ളൂ.

ഇസ്‌ലാമിന്റെ സാമൂഹിക പ്രതിനിധാനത്തിനായി കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതിയില്‍ രൂപംകൊണ്ട ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ചിന്താപരവും പ്രായോഗികവുമായ അനുഭവ പരിസരത്ത് നിന്നുകൊണ്ടാണ് നാമിപ്പോള്‍ പുതിയ ലോകത്തെ അഭിമുഖീകരിക്കുന്നത്. ചരിത്രത്തിലെ എല്ലാ ഇസ്‌ലാമിക നവജാഗരണ ശ്രമങ്ങളെയും പോലെ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ക്കും രണ്ട് മുഖമുണ്ടായിരുന്നു. മാറ്റത്തിന്റെയും നവീകരണത്തിന്റെയും ചാലക ശക്തിയായ സത്യം,നീതി, സ്വാതന്ത്ര്യം, നന്മ തുടങ്ങിയ കാലാതിവര്‍ത്തിയായ ഇസ്‌ലാമിന്റെ ചിരന്തന മൂല്യങ്ങളുടെ ആവിഷ്കാരമായിരുന്നു ഒരു മുഖം. ആനുകാലിക സാഹചര്യങ്ങളുടെയോ സംഭവങ്ങളുടെയോ സൃഷ്ടിയോ പ്രതികരണമോ ആയിരുന്നില്ല അത്; മറിച്ച് ചരിത്രത്തിന്റെ

തുടർച്ചയായിരുന്നു. വർത്തമാന കാല വെല്ലുവിളികളോടുള്ള ഒരു പ്രതികരണം എന്നതായിരുന്നു അതിന്റെ രണ്ടാമത്തെ മുഖം. ആധുനിക ഇസ്‌ലാമിക പ്രസ്ഥാനം എന്ന സംജ്ഞ തന്നെ ഈ പ്രതികരണ മുഖത്തെയാണ് സൂചിപ്പിക്കുന്നത്.

ആധുനികതയെന്നത് വളരെ നിരപേക്ഷമായ അർഥത്തിലുള്ള മനുഷ്യപുരോഗതിയുടെ ഒരു സവിശേഷ ചരിത്ര സന്ദർഭത്തെ മാത്രം സൂചിപ്പിക്കുന്ന വാക്കല്ല. മറിച്ച്, പ്രത്യയശാസ്ത്രപരവും രാഷ്ട്രീയപരവും സാംസ്‌കാരികവുമായ ഉള്ളടക്കങ്ങളുള്ള ഒരു ലോക വീക്ഷണമാണത്. അതുവരെ മനുഷ്യന്റെ വ്യക്തിസ്വത്വത്തെയും സാമൂഹിക സ്വത്വത്തെയും രൂപപ്പെടുത്തുകയും നിർണയിക്കുകയും ചെയ്തിരുന്ന ദൈവികമോ മതപരമോ ആയ മൂല്യങ്ങളുടെ ഏതെങ്കിലുമർഥത്തിലുള്ള തുടർച്ചയായിരുന്നില്ലെന്നതാണ് അതിന്റെ ഏറ്റവും വലിയ സവിശേഷത. പകരം അത്തരം മൂല്യങ്ങൾക്കെല്ലാമെതിരെയുള്ള ഏകപക്ഷീയ പ്രതികരണമെന്ന നിലയിലാണ് ആധുനികത അതിനെ സ്വയം സ്ഥാനപ്പെടുത്തിയത്. ആധുനികത അഭിമുഖീകരിച്ച സാമൂഹിക വ്യവസ്ഥകൾ മതപരമോ ദൈവികമോ ആയ മൂല്യങ്ങളെയാണ് അടിത്തറയാക്കിയിരുന്നതെങ്കിലും മനുഷ്യരുടെ പ്രതിലോമപരമായ ഇടപെടൽ കാരണം അങ്ങേയറ്റം ജീർണിച്ചതാണ് ആധുനികത ഇപ്രകാരം ഏകപക്ഷീയ പ്രതികരണമാകാൻ കാരണം. ജീർണത ബാധിച്ചത് പ്രസ്തുത സാമൂഹിക വ്യവസ്ഥകളുടെ വിശദാംശങ്ങളിലായിരുന്നില്ല. മറിച്ച്, അതിന്റെ മൂല്യപരമായ അടിത്തറയിൽ തന്നെയായിരുന്നു താനും. അതിനാൽ അത്തരം സാമൂഹിക വ്യവസ്ഥകൾക്ക് നേരെ ആധുനികത ബ്ലാക്ക് ആന്റ് വൈറ്റ് കണ്ണട പിടിച്ചത് സ്വാഭാവികമായിരുന്നു. അതിലൂടെ അതിൽ യാതൊരു നന്മയും കാണാൻ കഴിയാതിരുന്നതിലും അത്ഭുതമില്ല. അതിനാൽ ആധുനികത അതിനോട് സംവദിച്ചത് പരിഷ്‌കരണത്തിന്റെയും ഉൾകൊള്ളലിന്റെയും ഭാഷയിലല്ല, മറിച്ച് എതിരിടലിന്റെയും തിരസ്‌കാരത്തിന്റെയും കീഴടക്കലിന്റെയും ഭാഷയിലാണ്. ചുരുക്കത്തിൽ തങ്ങൾക്ക് മുമ്പുള്ള സാമൂഹിക വ്യവസ്ഥകളെ സമ്പൂർണമായും തിരസ്‌കരിക്കുന്ന സമഗ്രാധിപത്യപരമായ സാമൂഹിക മാറ്റമാണ് ആധുനികത മുമ്പോട്ട് വെച്ചത്. ദൈവികവും മതപരവുമായ മൂല്യങ്ങളോടെല്ലാം തുറന്ന കലാപമായി ആധുനികത മാറി

**നാഗരികതയെ മുന്നിൽ നിന്ന് നയിക്കുകയെന്ന മൗദൂദിയൻ രാഷ്ട്രീയ കാഴ്ചപ്പാടിന്റെ ഭൂമികയിൽ നിന്നുകൊണ്ട്, ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ബഹുസ്വരമായ ഒരു കാലഘട്ടത്തെ ധൈഷണികമായി സമ്പന്നമാക്കിയ, പിൽകാലത്ത് മുഖ്യധാരാ ഇസ്‌ലാമിക ചിന്ത പാർശ്വവൽക്കരിച്ച ഇസ്‌ലാമിലെ ബദൽ ചിന്തകളെ കൂടി സ്വാംശീകരിച്ച് കൊണ്ട് ഇസ്‌ലാമിക ചിന്ത പുനരാവിഷ്‌ക്കരിക്കപ്പെടേണ്ടതുണ്ട്.**

യത് അങ്ങനെയാണ്.

ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ രണ്ടാമത്തെ മുഖത്തെ രൂപപ്പെടുത്തിയ വർത്തമാന കാല വെല്ലുവിളി ദൈവിക മൂല്യങ്ങളോടും മത മൂല്യങ്ങളോടും കലാപം പ്രഖ്യാപിച്ച ഈ ആധുനികതയും അത് രൂപപ്പെടുത്തിയ സാമൂഹിക വ്യവസ്ഥകളുമായിരുന്നു. അതിനോടുള്ള പ്രതികരണമായി രൂപപ്പെട്ട ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ചില സൈദ്ധാന്തിക സമീപനങ്ങളെ സ്വാഭാവികമായും സമ്പൂർണമായ തിരസ്‌കാരത്തിന്റെയും എതിരിടലിന്റെയും ഭാഷ സ്വാധീനിച്ചിട്ടുണ്ട്. പരസ്പര വിരുദ്ധമായ മൂല്യാടിത്തറയിൽ രൂപപ്പെട്ട രണ്ട് സമീപനങ്ങൾ മുഖാമുഖം ഏറ്റുമുട്ടുമ്പോൾ നെല്ലും പതിരും വേർതിരിഞ്ഞ് കിട്ടാനും പ്രത്യയശാസ്ത്രപരമായ വ്യതിരിക്തത തിരിച്ചറിയപ്പെടാനും സൈദ്ധാന്തികമായ എതിരിടൽ ശൈലി ഒരു പരിധിയോളം അനിവാര്യവും ഒഴിച്ചുകൂടാനാവാത്തതുമാണ്. പക്ഷേ പ്രയോഗത്തിന്റെയും അനുഭവത്തിന്റെയും ലോകമെന്ന് പറയുന്നത് ഏതു കാലത്തും സമ്പൂർണ തിരസ്‌കാരത്തിന്റേതല്ല, മറിച്ച് ഉൾകൊള്ളലിന്റേതും സ്വാംശീകരണത്തിന്റേതുമാണ്. അവിടെ ബ്ലാക്ക് ആന്റ് വൈറ്റ് സമീപനം അധിക കാലം തുടരാനാവില്ല. ഇത് വേണ്ടവിധം തിരിച്ചറിഞ്ഞ് പ്രായോഗിക സമീപനങ്ങളിൽ ആവശ്യമായ അയവു വരുത്തുന്നതിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ചില പരിമിതികളുണ്ടായിട്ടുണ്ട്. ഇത് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മാത്രമല്ല, അവക്കു മുമ്പുള്ള ചരിത്രത്തിലെ എല്ലാ ഇസ്‌ലാമിക നവജാഗരണ ശ്രമങ്ങളും കാലക്രമത്തിൽ ഇതേ പരിമിതികളെ അഭിമുഖീകരിച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ ഉയർന്നു വരുന്ന നവജാഗരണ ശ്രമങ്ങൾക്ക് കാലക്രമത്തിൽ വന്നുചേരുന്ന ഇത്തരം പരിമിതികളെ മറികടക്കാനുള്ള സൂത്രവാക്യങ്ങൾ വികസിപ്പിക്കുന്നത് ചിലപ്പോൾ പിന്നീട് വരുന്ന നവോത്ഥാന ശ്രമങ്ങളായിരിക്കും. ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചരിത്രം ഇത്തരം തെറ്റ് തിരുത്തലുകളുടേത് കൂടിയാണ്. ഉദാഹരണത്തിന്, ഇസ്‌ലാമിലെ ദൈവശാസ്ത്രപരമായ വിശകലനങ്ങളിൽ അമിതമായ രീതിയിൽ യുക്തിചിന്ത പ്രയോഗിച്ച മുഅ്തസിലി ചിന്താപദ്ധതിയെ ഖുർആനും സുന്നത്തും ഉയർത്തിപ്പിടിച്ച് പ്രതിരോധിച്ച ഇമാം അഹ്മദ്ബ്‌നു ഹമ്പലിന്റെ നവോത്ഥാന ശ്രമങ്ങൾ പിൽക്കാലത്ത് യുക്തിയെ പാടെ നിരാകരിക്കുന്ന പ്രമാണവാദത്തിലേക്കും അക്ഷരപൂജയിലേക്കും തെന്നിമാറി ഇസ്‌ലാമിക ചിന്ത വഴിമുട്ടിയപ്പോഴാണ് പ്രമാണത്തെയും യുക്തിയെയും കൂട്ടിയിണക്കിയ ഇമാം അബുൽ ഹസൻ അൽ അശ്അരിയുടെ അശ്അരി ചിന്താപദ്ധതി ഇസ്‌ലാമിക ചിന്തയെ പുതിയ തുറസ്സുകളിലേക്ക് നയിച്ചത്. ഇതേ അശ്അരി ചിന്താപദ്ധതി തന്നെ പിൽക്കാലത്ത് ജഡത്വം ബാധിച്ച് കാലം ഉയർത്തിയ വെല്ലുവിളികൾക്ക് മുമ്പിൽ പകച്ചു നിന്നപ്പോഴാണ് അതിനെ കൂടുതൽ സമ്പന്നമാക്കിയ ഇമാം ഗസ്സാലിയുടെ സൈദ്ധാന്തികമായ ഇടപെടലുകളുണ്ടായത്. ഇസ്‌ലാമിക നവോത്ഥാന ചരിത്രത്തിലെ ഇത്തരം തെറ്റുതിരുത്തലുകളെ കുറിച്ച് അബുൽ ഹസൻ അലി നദ്‌വി തന്റെ *രിജാലുൽഫിക്‌രി വദ്ദഅ്‌വ* എന്ന കൃതിയിൽ സവിസ്തരം ചർച്ച ചെയ്തിട്ടുണ്ട്. മുൻകാല നവോത്ഥാന നായകരെയും പരിഷ്‌കർത്താക്കളെയും തള്ളിപ്പറഞ്ഞോ അവമതിച്ചു കൊണ്ടോ അല്ല ഇത്തരം തെറ്റുതിരുത്തലുകളും സ്വയം വിമർശനങ്ങളും ഉണ്ടായത്, അവരെ ആദരിച്ചും അംഗീകരിച്ചും കൊണ്ടായിരുന്നു.

ഇപ്രകാരം അഞ്ചോ ആറോ നൂറ്റാണ്ട് കാലം വളരെ സർഗാത്മകമായും സംവാദാത്മകമായും വികസിച്ച് സമ്പന്നമായ ഇസ്‌ലാമിക ചിന്തക്ക് പിന്നീട് സംഭവിച്ച മുരടിപ്പും അതിന്റെ കാരണങ്ങളും കൂടി മനസ്സിലാക്കിയാലേ ആധുനികതയുടെ കാലത്തും പുതിയ കാലത്തും ഇസ്‌ലാമിക സമൂഹം പൊതുവിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിശേഷിച്ചും നേരിട്ട/നേരിടുന്ന വെല്ലുവിളികളുടെ ആഴത്തെയും സ്വഭാവത്തെയും കുറിച്ച്

വ്യക്തത ലഭിക്കുകയുള്ളൂ.

അപ്രതിഹതമെന്ന് തോന്നിച്ച ആധുനികതയുടെ തിരതള്ളലിനെതിരെ സൈദ്ധാന്തികമായി ചിറകെട്ടാൻ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ കൈവശമുണ്ടായിരുന്ന വൈജ്ഞാനിക-ചിന്താ സ്രോതസ്സെന്ന് പറയുന്നത് ഖുർആന്നും സുന്നത്തിനും പുറമെ ഇസ്‌ലാമിലെ മുഖ്യധാരയായി അറിയപ്പെട്ട അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത് അത് രണ്ടിനും നൽകിയ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളുമാണ്. ദൈവശാസ്ത്രത്തിൽ അശ്അരി-മാതുരീദി വീക്ഷണങ്ങളും, കർമ ശാസ്ത്രത്തിൽ പ്രബലമായ നാല് മദ്ഹബുകളുടെ അഭിപ്രായങ്ങളും, ഇത് രണ്ടിനോടും വിയോജിപ്പ് പുലർത്തുന്ന സലഫി കാഴ്ച്ചപ്പാടുകളുമാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ ചിന്താപദ്ധതിയായി അംഗീകാരം നേടിയത്. ഈ മൂന്ന് ചിന്താപ്രസ്ഥാനങ്ങളും ഇസ്‌ലാമിക നവജാഗരണ പരമ്പരയിലെ കണ്ണികളാണെന്ന് നമുക്കറിയാം. എന്നാൽ തുടക്കത്തിൽ ചടുലമായ ധൈഷണിക സംവാദത്തിന്റെ ചൂടും തുറസ്സും പ്രദാനം ചെയ്ത ഈ പ്രസ്ഥാനങ്ങളെല്ലാം ഇസ്‌ലാമിക ധൈഷണിക മണ്ഡലത്തെ സമ്പന്നവും ബഹുസ്വരവുമാക്കിയ ഒട്ടേറെ ബദൽ ചിന്തകളെയും പ്രസ്ഥാനങ്ങളെയും അപരവൽക്കരിച്ചും പാർശ്വവൽക്കരിച്ചുമാണ് പിൽക്കാലത്ത് സ്ഥാപനവൽക്കരിക്കപ്പെട്ടത്. ഇസ്‌ലാമിക ചിന്താപദ്ധതിയിലേക്ക് യുക്തിചിന്ത കടത്തിവിടുക വഴി ഇസ്‌ലാമിക് ഫിലോസഫിയുടെ ആവിർഭാവത്തിനും തദ്വാരാ ഇസ്‌ലാമിക ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ചക്ക് പ്രേരണയും പ്രചോദനവുമായിത്തീർന്ന മുഅ്തസിലി ചിന്ത, തത്ത്വചിന്തക്കും രാഷ്ട്രമീമാംസക്കും കനത്ത സംഭാവനകൾ നൽകിയ ശീഈ ചിന്ത, ഇസ്‌ലാമിനെ ബഹുസ്വരവും സൗന്ദര്യശാസ്ത്രപരവുമായ അനുഭവമാക്കി മാറ്റിയ തസ്വവ്വുഫ്, കർമശാസ്ത്രത്തിലെ ളാഹിരി മദ്ഹബ് തുടങ്ങിയവയെല്ലാം മുമ്പ് പറഞ്ഞ പ്രസ്ഥാനങ്ങൾ സ്ഥാപനവൽക്കരിക്കപ്പെട്ടതിന് ശേഷം അപരവൽക്കരിക്കപ്പെടുകയോ പാർശ്വവൽക്കരിക്കപ്പെടുകയോ ചെയ്ത ഇസ്‌ലാമിലെ ബദൽ ചിന്തകളാണ്. ഈ ബദൽ ചിന്തകൾ ഇസ്‌ലാമിക സമൂഹത്തിനകത്ത് ഉയർത്തിവിട്ട സൈദ്ധാന്തികവും സാംസ്കാരികവുമായ സംഘർഷങ്ങളെ സംവാദാത്മകമായി നേരിട്ട് അതിന്റെ തെറ്റായ സ്വാധീനങ്ങൾക്കെതിരെ സമൂഹത്തെ ജാഗ്രത്താക്കിയ ഈ പ്രസ്ഥാനങ്ങളുടെ ആദ്യകാല ആചാര്യന്മാരല്ല ഈ അപരവൽക്കരണത്തിന് ഉത്തരവാദികൾ. ഇസ്‌ലാമിക നവജാഗരണം എന്ന ചരിത്രപരമായ കടമ നിർവഹിക്കുക മാത്രമായിരുന്നു അവർ. അതേ സമയം പ്രായോഗിക രംഗത്ത് ഇതേ ആചാര്യന്മാർ സൈദ്ധാന്തികമായി മറുപക്ഷത്ത് നിൽക്കുന്നവരെ സാധ്യമാകുന്നത്ര ഉൾകൊള്ളാനും സ്വാംശീകരിക്കാനും ശ്രമിച്ചിരുന്നുവെന്നതാണ് ചരിത്രം. അതു കൊണ്ട് തന്നെയാണ് അവർ ഉത്തരവാദികളല്ല എന്ന് പറഞ്ഞതും. ഇമാം അബൂ ഹനീഫ ശീഈ ഇമാമുമാരായ സൈദ്ബ്നു അലി, ഇമാം ജഅ്ഫറുസ്സാദിഖ് തുടങ്ങിയവരുടെ ശിഷ്യത്വം സ്വീകരിച്ചതും അബ്ബാസി ഭരണത്തിനെതിരെ കലാപം നയിച്ച നഫ്സുസ്സകിയ്യയെ പിന്തുണച്ചതുമെല്ലാം പ്രായോഗിക രംഗത്തെ ഉൾക്കൊള്ളലിനും സ്വാംശീകരണത്തിനുമുള്ള ഉത്തമോദാഹരണമാണ്. ജഅ്ഫറുസ്സാദിഖ് ഇമാം മാലിക്കിന്റെയും ഗുരുവായിരുന്നു. ആദ്യ കാലത്ത് അശ്അരികൾ മുഅ്തസിലികൾക്ക് കീഴിലും തിരിച്ചും വിദ്യ അഭ്യസിച്ചിരുന്നു. ഇസ്‌ലാമിക ലോകത്ത് ഇന്നും ഏറ്റവും നല്ല ഖുർആൻ വ്യഖ്യാനങ്ങളിലൊന്നായി അംഗീകരിക്കപ്പെടുന്ന *കശ്ശാഫ്* രചിച്ച ഇമാം സമഖ്ശരി മുഅ്തസിലിയായിരുന്നു.

**പരസ്പര വിരുദ്ധമായ മൂല്യാടിത്തറയിൽ രൂപപ്പെട്ട രണ്ട് സമീപനങ്ങൾ മുഖാമുഖം ഏറ്റുമുട്ടുമ്പോൾ നെല്ലും പതിരും വേർതിരിഞ്ഞ് കിട്ടാനും പ്രത്യയശാസ്ത്രപരമായ വ്യതിരിക്തത തിരിച്ചറിയപ്പെടാനും സൈദ്ധാന്തികമായ എതിരിടൽ ശൈലി ഒരു പരിധിയോളം അനിവാര്യവും ഒഴിച്ചുകൂടാനാവാത്തതുമാണ്. പക്ഷേ പ്രയോഗത്തിന്റെയും അനുഭവത്തിന്റെയും ലോകമെന്ന് പറയുന്നത് ഏതു കാലത്തും സമ്പൂർണ തിരസ്കാരത്തിന്റെതല്ല, മറിച്ച് ഉൾകൊള്ളലിന്റെതും സ്വാംശീകരണത്തിന്റേതുമാണ്. ഇത് വേണ്ടവിധം തിരിച്ചറിഞ്ഞ് പ്രായോഗിക സമീപനങ്ങളിൽ ആവശ്യമായ അയവുകൾ വരുത്തുന്നതിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ചില പരിമിതികളുണ്ടായിട്ടുണ്ട്.**

മുൻചൊന്ന നവോത്ഥാന നായകർ ഒരു സവിശേഷ ഘട്ടത്തിൽ നടത്തിയ സൈദ്ധാന്തിക ഇടപെടലുകളുടെ ചരിത്ര മൂല്യം മനസ്സിലാക്കി അവയെ കാലോചിതമായി പരിഷ്കരിക്കാനോ, സിദ്ധാന്തങ്ങൾ പ്രയോഗവൽക്കരിക്കുമ്പോൾ ഉണ്ടാകേണ്ട അയവുകൾ പുലർത്താനോ സന്നദ്ധമാകാത്ത അന്ധമായ അവരുടെ പിൽകാല അനുകർത്താക്കളാണ് എല്ലാ ബദൽ ചിന്തകളെയും പാർശ്വവൽക്കരിച്ച് അവരുടെ പ്രസ്ഥാനങ്ങളെ സ്ഥാപനവൽക്കരിച്ചത്. അത് ഇസ്‌ലാമിക ചിന്തയെ വല്ലാത്തൊരു മുരടിപ്പിലേക്ക് തള്ളിവിടുകയും ചെയ്തു. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ബഹുസ്വരമായ കാലത്തെ പ്രതിനിധീകരിച്ച അബ്ബാസി ഭരണകൂടത്തിന്റെ തകർച്ച ഈ മുരടിപ്പിന്റെ ഒരു രാഷ്ട്രീയ കാരണമായിരുന്നു. ഇമാം ഗസ്സാലിയെയും ഇബ്നു തൈമിയയെയും പോലുള്ള പരിഷ്കർത്താക്കൾ തത്ത്വചിന്തക്കും അതിന്റെ യുക്തിചിന്താപരമായ വിശകലന രീതിക്കുമെതിരെ നടത്തിയ സോദ്ദേശ്യപരമായ വിമർശനത്തിലെ തീവ്രമായ ഭാഷാശൈലി ഇസ്‌ലാമിക ചിന്താമണ്ഡലത്തിൽ ഒരുതരം ഭയത്തിന്റെ അവസ്ഥ സൃഷ്ടിച്ചതും പിൽകാലത്ത് ഇസ്‌ലാമിക ചിന്തയുടെ മുരടിപ്പിന് കാരണമായിട്ടുണ്ട്. ബഗ്ദാദിന്റെ തകർച്ച സൃഷ്ടിച്ച രാഷ്ട്രീയ അരക്ഷിതാവസ്ഥയും ചിന്താ മണ്ഡലത്തെ പിടികൂടിയ ഈ ഭയവും കാരണം ഇസ്‌ലാമിക ചിന്തയെ ചടുലമാക്കിയ ഇജ്തിഹാദിനെ പണ്ഡിതന്മാർ കൈവിടുകയായിരുന്നു.

ഇതെല്ലാം കാരണമായി ദീർഘ കാലത്തെ മുരടിപ്പിലൂടെ കടന്നുപോയ വൈജ്ഞാനികവും ചിന്താപരവുമായ സ്രോതസ്സുകളാണ് ആധുനിക ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ശിൽപികൾക്ക് അനന്തരമായി ലഭിച്ചത്. ദീർഘ കാലം ഉപയോഗിക്കാതെ കിടന്നിരുന്ന ഇജ്തിഹാദിനെ പിടിച്ചെടുത്ത് തങ്ങൾക്കനന്തരമായി ലഭിച്ച സ്രോതസ്സുകളിൽ ഭാഗികമായ പരിഷ്കരണം നടത്താനല്ലാതെ മൗലികമായ പൊളിച്ചെഴുത്തുകൾക്കൊന്നും അവർക്കവസരമോ സാവകാശമോ ലഭിച്ചില്ല. അവർ നേരിട്ട ബാഹ്യമായ വെല്ലുവിളികളുടെ തീവ്രത മാത്രമായിരുന്നില്ല അതിന് കാരണം. മറിച്ച് ദീർഘ കാല മുരടിപ്പിലൂടെ കടന്നുപോയ സമൂഹം അതിന് പാകപ്പെടാത്തത് കൂടിയായിരുന്നു.

അതേസമയം ഈ പരിഷ്കർത്താക്കൾ തന്നെ തങ്ങൾ അഭിമുഖീകരിച്ച കാലത്തിന്റെ വെല്ലുവിളികളോട് സ്വീകരിച്ച തീവ്രമായ സൈദ്ധാന്തിക സമീപനം

പോലും പ്രായോഗിക രംഗത്ത് അയവുള്ള സമീപനം പുലർത്തുന്നതിന് തടസ്സമാകാതിരിക്കുന്നതിനായി ചില മുൻകരുതലുകളെടുത്തിരുന്നതായി അവരെ സൂക്ഷ്മമായി വായിച്ചാൽ മനസ്സിലാകും. ഉദാഹരണത്തിന് ആധുനികതയോടും അത് രൂപപ്പെടുത്തിയ സാമൂഹിക വ്യവസ്ഥകളോടും ബ്ലാക്ക് ആന്റ് വൈറ്റെന്ന് തോന്നാവുന്ന സൈദ്ധാന്തിക സമീപനം പുലർത്തിയ പരിഷ്കർത്താവാണ് സയ്യിദ് മൗദൂദി. എന്നാൽ ഇതേ മൗദൂദി തന്നെ സാമൂഹിക മാറ്റത്തിന്റെ ഇസ്‌ലാമിക രീതിശാസ്ത്രം നിലവിലുള്ള എല്ലാറ്റിനെയും തിരസ്കരിക്കുകയും പൊളിച്ചു കളയുകയും ചെയ്യുന്ന വിധത്തിലുള്ള വിപ്ലവാത്മകതയല്ലെന്നും, മറിച്ച് തിരസ്കരിക്കേണ്ടതിനെ മാത്രം ഒഴിവാക്കി ബാക്കിയുള്ളതിനെ മുഴുവൻ പരിഷ്കരിച്ച് ഉൾക്കൊള്ളുന്ന പരിഷ്കരണമാണെന്നും *തൻഖീഹാത്* എന്ന കൃതിയിലെ ഒരു ലേഖനത്തിൽ ഊന്നിപ്പറഞ്ഞതായി കാണാം. 'ഇസ്‌ലാഹീ യാ ഇൻഖിലാബീ'(പരിഷ്കരണപരമോ വിപ്ലവാത്മകമോ) എന്ന ശീർഷകത്തിലുള്ള പ്രസ്തുത ലേഖനത്തിൽ ആധുനികതക്കെതിരെ അദ്ദേഹം ഉന്നയിക്കുന്ന പ്രധാന വിമർശം അത് നിലവിലുള്ള സാമൂഹിക വ്യവസ്ഥയിലെ എല്ലാറ്റിനോടും നിഷേധാത്മക സമീപനം പുലർത്തുന്ന കേവല പ്രതികരണ പ്രസ്ഥാനമാണെന്നാണ്. ആധുനികതയെ പ്രായോഗികമായി സമീപിക്കുമ്പോൾ അതിനോടുള്ള സൈദ്ധാന്തിക സമീപനത്തിലെ വിട്ടുവീഴ്ച്ചയില്ലായ്മ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഭാരമാകാതിരിക്കാൻ കൂടിയാണ് സാമൂഹിക മാറ്റത്തിന്റെ ഇസ്‌ലാമിക രീതിശാസ്ത്രം വിപ്ലവാത്മകമല്ലെന്നും മറിച്ച് പരിഷ്കരണപരമാണെന്നും മൗദൂദി ഊന്നിപ്പറഞ്ഞത്.

അതിനാൽ മഴവിൽ ലോകത്തെ ഇസ്‌ലാമിന്റെ പ്രതിനിധാനം കൂടുതൽ സക്രിയവും ചടുലവുമാകണമെങ്കിൽ ബഹുസ്വര സമൂഹത്തിൽ എങ്ങനെയെങ്കിലും പിടിച്ചു നിൽക്കുകയോ ഇടമുറപ്പിക്കുകയോ ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ ഇപ്പോൾ രൂപപ്പെട്ടു വരുന്ന ന്യൂനപക്ഷ ഫിഖ്ഹ് മാത്രം മതിയാവുകയില്ല. നാഗരികതയെ മുന്നിൽ നിന്ന് നയിക്കുകയെന്ന മൗദൂദിയൻ രാഷ്ട്രീയ കാഴ്ച്ചപ്പാടിന്റെ ഭൂമികയിൽ നിന്നു കൊണ്ട്, ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ബഹുസ്വരമായ ഒരു കാലഘട്ടത്തെ ധൈഷണികമായി സമ്പന്നമാക്കിയ, പിൽകാലത്ത് മുഖ്യധാരാ ഇസ്‌ലാമിക ചിന്ത പാർശ്വവൽക്കരിച്ച ഇസ്‌ലാമിലെ ബദൽ ചിന്തകളെ കൂടി സ്വാംശീകരിച്ചു കൊണ്ട് ഇസ്‌ലാമിക ചിന്ത പുനരാവിഷ്ക്കരിക്കപ്പെടേണ്ടതുണ്ട്. അതിന് നിമിത്തമായേക്കാവുന്ന ഇത്തരം സംവാദങ്ങളെ മത വിജ്ഞാനീയങ്ങളിൽ അവഗാഹമുള്ളവർ കൂടി ഇടപെട്ട് വികസിപ്പിക്കേണ്ടതാണ്. ■